## (2) ബിൽ അവതരിപ്പിക്കുന്നതിന് ചുമതലപ്പെട്ട മന്ത്രി ഹാജരാകാത്തത് സംബന്ധിച്ച്

2017 ആഗസ്റ്റ് മാസം 09-ാം തീയതി 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണ വേളയിൽ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 78 പ്രകാരം ബിൽ അവതരിപ്പിക്കാനുള്ള ചുമതല മറ്റൊരു മന്ത്രിക്ക് നൽകിയ നടപടി ക്രമവിരുദ്ധമാണെന്നും അക്കാര്യം പരിശോധിക്കണമെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി. *

"ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗമെന്നാൽ ബില്ലിന്റെ സംഗതിയിൽ ഏതെങ്കിലും മന്ത്രിയെന്നും മറ്റേതെങ്കിലും സംഗതിയിൽ ബിൽ അവതരിപ്പിച്ച അംഗമെന്നും അർത്ഥമാകുന്നുവെന്ന് ചട്ടം 2-ലെ ഡെഫനിഷൻ ക്ലാസിൽ അനുശാസിച്ചിട്ടുള്ളതിനാൽ 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് നൽകിയതിൽ ചട്ടവിരുദ്ധമായി യാതൊന്നും സംഭവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ക്രമപ്രശ്നം

* XIV KLA VII Session Vol. No. 168/No. 3 dated 09.08.2017

നിലനിൽക്കുന്നതല്ല."